# മരണഭയമില്ലെങ്കിൽ ഇവിടെ ചായകുടിക്കാം!

നല്ല കട്ടപ്പത്തിൽ ഒരു ചായ കുടിക്കാം. ചായ കുടിക്കാൻ മരണത്തിനെ വെല്ലുവിളിച്ച് ഒരിടം വരെ പോയാലോ?. എങ്കിൽ ലോകത്തിലെ ഉയരം കൂടിയ കൊടുമുടികളിൽ ഒന്നായ കിഴക്കൻ ചൈനയിലെ ഹുയാൻ ഷാൻ മലനിരകളിലേക്ക് പോകാം. ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള ചായക്കട അവിടെയുണ്ട്. 7087 അടിയാണ് ഉയരം. ലോകത്തിലെ ഏറ്റവും അപകടകരമായ വഴിയെന്ന കുപ്രസിദ്ധി നേടിയ വഴികളിലൂടെയാണ് ചായകുടിക്കാനായി പോകേണ്ടത്.

ചൈനയിലെ പ്രാചീന താവോയിസ്റ്റ് അമ്പലം സ്ഥിതി ചെയ്യുന്നതും ഇവിടെയാണ്. 3000 ത്തോളം വർഷങ്ങൾ പഴക്കമുള്ള ക്ഷേത്രമാണ് ഇതെന്നാണ് വിശ്വാസം. ഇവിടെയാണ് ഈ ചായക്കട സ്ഥിതി ചെയ്യുന്നത്. ടീ ഹൗസ് എന്നാണ് ഇത് അറിയപ്പെടുന്നത്. പക്ഷെ കാര്യം ഇതൊക്കെ തന്നെ ആയാലും വർഷം തോറും ലക്ഷക്കണക്കിന് സഞ്ചാരികൾ ആണ് ഇവിടേയ്ക്ക് എത്തുന്നത്. ഒരു ചായ കുടിക്കാൻ മരണത്തിനെ വെല്ലുവിളിക്കാനും ആളുകൾ തയ്യാറാണെന്ന് മനസിലായല്ലോ.



ഹുയാൻ ചായക്കട



വരനെ ചുംബിക്കാൻ ശ്രമിക്കുന്ന വധുവിന്റെ കൂട്ടുകാരികൾ

# വിവാഹം സ്വീഡനിൽ ആക്കിയാലോ?

വിവാഹം കഴിക്കാനായി അങ്ങു സ്വീഡനിലേക്ക് പറന്നാലോ എന്ന് ആഗ്രഹിച്ചുപോകും അവിടത്തെ ചില ആചാരങ്ങളെക്കുറിച്ച് അറിഞ്ഞാൽ. വരന് വിവാഹ ചടങ്ങിനിടെ വധുവിൽ നിന്ന് പോലും ഒരു ചുംബനം ലഭിക്കാത്ത നമ്മുടെ നാട്ടിൽ നിന്ന് പ്രത്യേകിച്ചും.

വധുവിൽ നിന്ന് മാത്രമല്ല, സ്വീഡനിലെ വരന്മാർക്ക് ചുംബനം. വിവാഹച്ചടങ്ങിൽ പങ്കെടുക്കാനെത്തിയ എല്ലാ സ്ത്രീകളിൽ നിന്നുമുണ്ടാകും. വധുവിന്റെ സുഹൃത്തുക്കളായ യുവസുന്ദരികളുൾപ്പെടെ ചുംബിക്കാൻ മത്സരിക്കുന്ന കാര്യം ഒന്നോർത്തുനോക്കൂ.

ഇനി ഇതറിഞ്ഞ് വധു കലഹിക്കുമെന്ന പേടിയും വേണ്ട. വധുവിനുമുണ്ട് ചുടുചുംബനം. അതും ചടങ്ങിൽ പങ്കെടുക്കാനെത്തുന്ന പുരുഷന്മാരുടേത്. നമ്മുടെ നാട്ടിലാണെങ്കിൽ വിവാഹച്ചടങ്ങ് അലങ്കോലമായതു തന്നെ.

ചുംബനം നടത്താനായി വിവാഹച്ചടങ്ങിനിടെ ഒരു സമയം അനുവദിച്ചിട്ടുണ്ട്. പെൺകുട്ടി വിവാഹ ഹാളിൽ നിന്ന് മുറിയിലേക്ക് പോകുന്നതോടെയായിരിക്കും വരനുള്ള ചുംബനം. വരൻ വിവാഹ ഒരുക്കത്തിനായി മാറുന്ന നേരത്തായിരിക്കും വധുവിനെ പുരുഷന്മാരെല്ലാവരും വളഞ്ഞു ചുംബിക്കുന്നത്. അല്ലാത്ത സമയത്ത് ചുംബിച്ചാൽ തടികേടാവുമെന്ന് ഉറപ്പ്.

## NEWS



നെയ്യാറ്റിൻകര പൊലീസ്സ്റ്റേഷൻ വളപ്പിൽ കാട്ടുംപടർപ്പും കയറി ഉപയോഗശൂന്യമായി കിടക്കുന്ന വാഹനങ്ങൾ

# വാഹനങ്ങളുടെ ശ്മശാനത്തിലേക്ക് സ്വാഗതം

എ.പി.ജിനൻ

നെയ്യാറ്റിൻകര: നെടുമങ്ങാട് പൊലീസ്സ്റ്റേഷനിലെ വാഹന ശവപ്പറമ്പ് തീകത്തിനശിച്ചതോടെ നെയ്യാറ്റിൻകരയിലും ആശങ്കയുടെ എരിതീ പുകഞ്ഞു തുടങ്ങി. ഏതാണ്ട് അഞ്ഞൂറിലേറെ ബൈക്കുകളും കാറും ഓട്ടോറിക്ഷകളുമായി നെയ്യാറ്റിൻകര പൊലീസ്സ്റ്റേഷന്റെ പിന്നാമ്പുറം തൊണ്ടിവാഹനങ്ങളെക്കൊണ്ട് നിറഞ്ഞുകവിഞ്ഞിരിക്കുകയാണ്. ഇഴജന്തുക്കളുടെ ശല്യവും വർദ്ധിച്ചു.

അഞ്ചു വർഷം മുൻപ് വാഹനങ്ങളിൽ ചിലത് ലേലം ചെയ്തു നൽകിയിരുന്നു. കേസുകളിൽപ്പെടുന്ന വാഹനങ്ങൾ കോടതി അനുമതിയോടെ ആർ.ടി.ഒ ഫിറ്റ്നസ് നേടി വില്ക്കാനുള്ള അനുമതി അടുത്തിടെ അധികൃതർ നൽകിയെങ്കിലും അവ പ്രാവർത്തികമാക്കുന്നില്ലെന്നാണ് നാട്ടുകാരുടെ പരാതി.

തൊണ്ടിമുതലായി പിടികൂടി സ്റ്റേഷൻ പരിസരത്ത് സൂക്ഷിക്കുന്ന വാഹനങ്ങളുടെ ടയറും സ്പെയർപാർട്സുകളും മോഷണം പോകുന്നതും സൂക്ഷിപ്പുകാരായ പൊലീസുകാർക്ക് തലവേദനയായി മാറിയിരിക്കുകയാണ്. ഇരുചക്ര വാഹനങ്ങൾ പോലും മോഷണം പോകുന്നുണ്ടെന്നാണ് നാട്ടുകാരിൽ ചിലർ പറയുന്നത്. തുരുമ്പിച്ച് പൊളിഞ്ഞ വാഹനങ്ങൾക്കിടയിലാണ് ഉഗ്രവിഷമുള്ള ഇഴജന്തുക്കളുടെ താമസം. പൊലീസുകാർക്കും നാട്ടുകാർക്കും ഇവ പേടിസ്വപ്നമാണ്.

പഴയ വാഹനങ്ങൾ ലേലം ചെയ്തു വിൽക്കാൻ അധികൃതർ തയ്യാറായാൽ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാമെന്നാണ് നാട്ടുകാർ പറയുന്നത്.

# നാട്ടുകാരുടെ നടുവൊടിക്കാൻ ഒരു റോഡ്

കാട്ടാക്കട: ആകെ തകർന്നടിഞ്ഞ് ഇറവൂർ വണ്ടയ്ക്കൽ റോഡ്. മുഴുവൻ കുഴിയായി നിരവധി അപകടങ്ങൾ ഉണ്ടായിട്ടും ദുരവസ്ഥ ആരും കണ്ടതായിപ്പോലും നടിക്കുന്നില്ല. വർഷങ്ങൾക്ക്മുമ്പ് ആധുനിക രീതിയിൽ നിർമ്മിച്ച റോഡിനാണീ ദുർഗതി. പറണ്ടോട് ഭാഗത്തുനിന്നുള്ളവർക്ക് എളുപ്പത്തിൽ ആര്യനാട് നെടുമങ്ങാട് റോഡിൽ എത്താനായിരുന്നു ഈ റോഡ് നവീകരിച്ചത്.



ആര്യനാട് ഉഴമലയ്ക്കൽ പഞ്ചായത്തുകളുടെ അതിർത്തി പ്രദേശമായ ഇറവൂരിൽ ആരംഭിച്ച പാറക്വാറിയിൽ നിന്ന് അമിത ഭാരം കയറ്റിപ്പോകുന്ന ടിപ്പർ ലോറികളാണ് റോഡിന്റെ തകർച്ചയ്ക്ക് കാരണമെന്നാണ് പ്രദേശവാസികൾ പറയുന്നത്. പാറയും പാറപ്പൊടിയുമായി നിത്യവും നൂറുകണക്കിന് ലോറികളാണ് ഈ റോഡിലൂടെ കടന്നുപോകുന്നത്.

റോഡിന്റെ തകർച്ച കാണിച്ച് ആര്യനാട് പി.ഡബ്ലിയു.ഡി ഉദ്യോഗസ്ഥരെയും വകുപ്പ്മന്ത്രിയുടെ പരാതി പരിഹാര സെല്ലിനെയും നാട്ടുകാർ സമീപിച്ചെങ്കിലും നടപടി ഉണ്ടായില്ല. മാത്രവുമല്ല ഈ റോഡിൽ നിരവധി കലുങ്കുകൾ ഉണ്ട്.

ബലക്ഷയം വന്ന് തകർന്നുവീഴാറായ കലുങ്കുകൾക്ക് മുകളിലൂടെയാണ് ഇപ്പോൾ വാഹനങ്ങൾ ചീറിപ്പായുന്നത്. കലുങ്കുകൾ പുനർനിർമ്മിക്കാനും റോഡ് നവീകരിച്ച് പൊതുജനങ്ങളുടെ യാത്രാ ദുരിതം അവസാനിപ്പിക്കാൻ നടപടി വേണമെന്നാണ് നാട്ടുകാർ ആവശ്യപ്പെടുന്നത്.

# അന്താരാഷ്ട്ര ദന്തരോഗ വിദഗ്ധർ പി.എം.എസ് ഡന്റൽ കോളേജിൽ



അസഹർ നസീബ് അനിൽ അർദേശ്ന മുഹമ്മദ് ഇസാദ് ഗസ്സി

ഡാന യോർക്ക് ജീൻ പീർ ബെർണാഡ് നെഡ്ജറ്റ് അർമീൻ

തിരുവനന്തപുരം: പി.എം.എസ് ഡന്റൽ കോളേജിന്റെ അന്താരാഷ്ട്ര ഫാക്കൽറ്റി മീറ്റിന്റെ ഭാഗമായി ഇന്നു മുതൽ 16 വരെ നടത്തുന്ന എക്സലൻസ് ഇൻ ഇന്റർഡിസിപ്ളിനറി ഡന്റിസ്ട്രി പരിപാടിയിൽ അന്തർദേശീയ ദന്തരോഗ വിദഗ്ധർ പങ്കെടുക്കും.

ബഹറിൻ നാഷണൽ ഹെൽത്ത് അതോറിട്ടി മേധാവി ഡോ. അസഹർ നസീബ്, ന്യൂയോർക്കിലെ റട്ട്ഗേഴ്സ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോ. അനിൽ അർദേശ്ന, ഈജിപ്റ്റിൽ നിന്നുള്ള ദന്തരോഗ വിദഗ്ധൻ ഡോ. മുഹമ്മദ് ഇസാദ് ഗസ്സി, ഫ്രാൻസിൽ നിന്ന് ഡോ. ഡാന യോർക്ക്, സ്വിറ്റ്സർലൻഡിൽ നിന്ന് ഡോ. ജീൻ പീർ ബെർണാഡ്, ഡോ. നെഡ്ജറ്റ് അർമീൻ ജർമനി, റൂഗൻ ഗ്ളാസൻ ഫെനി എന്നിവരാണ് വിവിധ ദിനങ്ങളിലായി നടക്കുന്ന പരിപാടികളിൽ പങ്കെടുക്കുന്നത്.



റൂഗൻ ഗ്ളാസൻ

അത്യാധുനിക ദന്തരോഗ ചികിത്സയുടെ വിവിധ വിഷയങ്ങളെ ആസ്പദമാക്കി പ്രഭാഷണങ്ങളും ലൈവ് ഡെമോ പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് പി.എം. എസ് ഡന്റൽ കോളേജ് ചെയർമാൻ ഡോ. പി.എസ്. താഹ അറിയിച്ചു.

## പി.എം.എസിൽ ബിരുദദാന ചടങ്ങ്

തിരുവനന്തപുരം: പി.എം.എസ് ഡന്റൽ കോളേജിലെ 2013 - 14 ബാച്ച് വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഇന്ന് വൈകിട്ട് 5.30ന് നടക്കും.

സി. ദിവാകരൻ എം.എൽ.എ മുഖ്യാതിഥി ആയിരിക്കും.

## വിതുരയിൽ കുടിവെള്ള കണക്ഷൻമേള

വിതുര: തൊളിക്കോട്, വിതുര സമഗ്രശുദ്ധജലവിതരണ പദ്ധതിയുടെ കമ്മിഷനുമായി ബന്ധപ്പെട്ട് കുടിവെള്ളകണക്ഷനുകൾ നൽകുന്നത് ഊർജിതപ്പെടുത്തുന്നതിന് 13 ന് രാവിലെ 10.30 മുതൽ വൈകിട്ട് അഞ്ച് വരെ വിതുര പഞ്ചായത്ത് ഓഫീസിൽ കുടിവെള്ളകണക്ഷൻമേള സംഘടിപ്പിക്കുന്നു. കണക്ഷൻ ആവശ്യമുള്ളവർ പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ഓണർഷിപ്പ് സർട്ടിഫിക്കറ്റും, തിരിച്ചറിയൽ രേഖയും സഹിതം ഹാജരാകണം. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എം.സുധീർ അറിയിച്ചു.